ഉത്തരം

(എ) അല്ല.

(ബി) ഉണ്ട്. 1860-ലെ സൊസൈറ്റീസ് രജിസ്ട്രേഷൻ ആക്ട് പ്രകാരം സൊസൈറ്റി രജിസ്റ്റർ ചെയ്യുന്നതിന് ഫീസ് 25 രൂപയാണ്. 1955-ലെ തിരു-കൊച്ചി രജിസ്ട്രേഷൻ ആക്ട് പ്രകാരം രജിസ്ട്രേഷൻ ഫീസ് 100 രൂപയാണ്. 195-ലെ ആക്ട് പ്രകാരം സൊസൈറ്റികൾ ബാക്കിപത്രവും വരവ് ചെലവ് കണക്കുകളും സമർപ്പിക്കേണ്ടതുണ്ട്. പ്രവർത്തനം നിലച്ച സംഘങ്ങളെ രജിസ്റ്ററിൽ നിന്നും നീക്കം ചെയ്യുന്നതിനും വ്യവസ്ഥയുണ്ട്. എന്നാൽ 1860-ലെ ആക്ടിൽ കണക്കുകൾ സമർപ്പിക്കുന്നതിന് നിർബന്ധിക്കുന്നതോ, സംഘത്തിന്റെ പേര് രജിസ്റ്ററിൽ നിന്ന് നീക്കം ചെയ്യുന്നതിനോ വ്യവസ്ഥയില്ല.

(സി&ഡി) സൊസൈറ്റീസ് ആക്ട് ഏകീകരിച്ചുകൊണ്ടുള്ള കേരള സൊസൈറ്റീസ് രജിസ്ട്രേഷൻ ബിൽ സർക്കാരിന്റെ പരിഗണനയിലാണ്.

ഭൂമിക്ക് തറവില നിശ്ചയിക്കുവാൻ നടപടി

126 (3890) ശ്രീ. എം. എ. അസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഭൂമിക്ക് നിലവിൽ തറവില നിശ്ചയിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ?

ഉത്തരം

(എ&ബി) ഇല്ല. ഭൂമിക്ക് ന്യായവില നിശ്ചയിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

കോട്ടായിൽ സബ് രജിസ്ട്രാർ ഓഫീസ് തുടങ്ങുന്നതിന് നടപടി

127 (3891) ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമ വികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നിലവിൽ ഒരു വർഷം ആയിരമോ അതിലധികമോ രജിസ്ട്രേഷൻ നടക്കുന്ന ഓഫീസുകൾ വിഭജിക്കാൻ ഗവൺമെന്റ് തീരുമാനമെടുത്തിട്ടുണ്ടോ ;

(ബി) പുതുതായി എവിടെയെല്ലാം സബ് രജിസ്ട്രാർ ഓഫീസുകൾ തുടങ്ങുവാനാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത് ;

(സി) പാലക്കാട് ജില്ലയിൽ കുഴൽമന്ദം മണ്ഡലത്തിൽപ്പെട്ട കോട്ടായി കേന്ദ്രമാക്കി സബ് രജിസ്ട്രാർ ഓഫീസ് തുടങ്ങാൻ 1993-ൽ ഗവൺമെന്റ് തീരുമാനമെടുത്തിരുന്നുവോ ;

(ഡി) എങ്കിൽ ഓഫീസ് തുടങ്ങാതിരിക്കുവാൻ എന്താണ് കാരണമെന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly